പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3182 | 11/12/2014 -ൽ മറുപടിക്ക്

**ഭൂമി ക്രയ-വിക്രയം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. രാജു എബ്രഹാം | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) ബന്ധുക്കൾ തമ്മിലുള്ള ഭൂമി ക്രയവിക്രയത്തിന് നിശ്ചയിച്ചിരുന്ന സ്റ്റാമ്പ് ഡ്യൂട്ടിയിലുള്ള 1000 രൂപയുടെ പരിധി മാറ്റിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ മാറ്റാനുണ്ടായ കാരണം വ്യക്തമാക്കുമോ ; | എ) ഉണ്ട്. കുടുംബാംഗങ്ങൾ തമ്മിലുള്ള ആധാരങ്ങൾക്ക് 2011 മുതൽ നാളിതുവരെ നൽകിയ പ്രത്യേക ഇളവുകൾ മൂലം സർക്കാരിന്റെ റവന്യൂ വരുമാനത്തിൽ ഗണ്യമായ കുറവ് വന്ന സാഹചര്യത്തിൽ, സർക്കാരിന്റെ നയപരമായ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് പരിധി മാറ്റിയിട്ടുള്ളത്. |
| ബി) ബന്ധുക്കൾ തമ്മിലുള്ള ക്രയ വിക്രയത്തിൽ ഉൾപ്പെട്ട ഭാഗപത്രം, ഇഷ്ടദാനം, ഒഴിമുറി, ധനനിശ്ചയം എന്നിവയുടെ സ്റ്റാമ്പ് ഡ്യൂട്ടി എന്തിന്റെ അടിസ്ഥാനത്തിലാണ് ഉയർത്തിയിരിക്കുന്നത്; ഇപ്പോൾ ഇതിന് എന്തെങ്കിലും പരിധിയുണ്ടോ ; ഉണ്ടെങ്കിൽ എന്തൊക്കെയെന്ന് വിശദീകരിക്കാമോ; | ബി) സ്റ്റാമ്പ് ഡ്യൂട്ടി ഉയർത്തിയിട്ടില്ല. കുടുംബാംഗങ്ങൾക്കിടയിലുള്ള ഭാഗപത്രം, ഒഴിമുറി എന്നീ ആധാരങ്ങളുടെ സ്റ്റാമ്പ് ഡ്യൂട്ടി 1% എന്നതിനു വിധേയമായി പരമാവധി 1000/- രൂപയും, ദാനം, ധനനിശ്ചയം എന്നിവയ്ക്ക് വിലയുടെ 2% എന്നതിനു വിധേയമായി പരമാവധി 1000/- രൂപ എന്നിങ്ങനെയാണ് നിലവിലുണ്ടായിരുന്നത്.<br>ഇവയിൽ ഭാഗപത്രം, ഒഴിമുറി എന്നീ ആധാരങ്ങളുടെ സ്റ്റാമ്പ് ഡ്യൂട്ടി പരമാവധി 1000/- രൂപ എന്നത് ഒഴിവാക്കി വിലയുടെ 1%, ദാനം, ധനനിശ്ചയം എന്നിവയ്ക്ക് പരമാവധി 1000/- രൂപ എന്നത് ഒഴിവാക്കി വിലയുടെ 2%, എന്നിങ്ങനെ ഭേദഗതി വരുത്തുകയാണുണ്ടായത്. |

| | | | |
|---|---|---|---|
| സി) | സ്റ്റാമ്പ് ഡ്യൂട്ടി ഉയർത്തിയതുപോലെ ഇത്തരത്തിൽ ബന്ധുക്കൾ തമ്മിലുള്ള ക്രയവിക്രയത്തിന് രജിസ്ട്രേഷൻ തുക വർദ്ധിപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര; എന്തെങ്കിലും മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണോ ഇത് വർദ്ധിപ്പിച്ചിരിക്കുന്നത്; ആണെങ്കിൽ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ? | സി) | രജിസ്ട്രേഷൻ ഫീസ് ഉയർത്തിയിട്ടില്ല. കുടുംബാംഗങ്ങൾക്കിടയിലുള്ള ഭാഗ പത്രം, ദാനം, ഒഴിമുറി, ധനനിശ്ചയം എന്നീ ആധാരങ്ങളുടെ രജിസ്ട്രേഷൻ ഫീസ് വിലയുടെ 1% എന്നതിനു വിധേയമായി പരമാവധി 25000/- രൂപ ആയിരുന്നത്, 25000/- രൂപ എന്ന പരിധി ഒഴിവാക്കി വിലയുടെ 1% ആയി ഭേദഗതി വരുത്തുകമാത്രമാണ് ചെയ്തിട്ടുള്ളത്.<br>ഇളവ് അനുവദിച്ചതു മുഖേന സർക്കാരിന്റെ റവന്യൂ വരുമാനത്തിൽ ഗണ്യമായ കുറവ് ഉണ്ടായിട്ടുള്ള സാഹചര്യത്തിൽ സർക്കാരിന്റെ നയപരമായ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് പരിധി മാറ്റിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ.